പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 695 — 07.01.2014-ൽ മറുപടിക്ക്

## ഉദുമ ടെക്സ്റ്റൈൽ മിൽ

| | ചോദ്യം<br>ശ്രീ.കെ.കുഞ്ഞിരാമൻ(ഉദുമ) | ഉത്തരം<br>ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
|---|---|---|
| എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൊതുമേഖലയിൽ പുതുതായി എത്ര വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ട്; പേര് വിവരങ്ങൾ വിശദമാക്കാമോ; | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വ്യവസായ വകുപ്പിന കീഴിൽ പൊതുമേഖലയിൽ പുതിയ വ്യവസായ സ്ഥാപനങ്ങൾ ഒന്നും ആരംഭിച്ചിട്ടില്ല. എന്നാൽ നിലവിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ 10 പുതിയ യൂണിറ്റുകൾ ആരംഭിക്കുവാൻ തീരുമാനിക്കുകയുണ്ടായി. അവയുടെ പേര് വിവരം അനുബന്ധം ഒന്നായി ചേർത്തിരിക്കുന്നു. |
| ബി) | ഇതിൽ എത്ര എണ്ണത്തിൽ ഉൽപാദനം ആരംഭിച്ചിട്ടുണ്ട്; ഉൽപാദനം തുടങ്ങാത്തത് ഏതൊക്കെ; തരംതിരിച്ച് വിശദമാക്കാമോ; | പുതുതായി തുടങ്ങിയ യൂണിറ്റുകളിൽ 6 സ്ഥാപനങ്ങൾ വ്യവസായികാടിസ്ഥാനത്തിൽ പ്രവർത്തനമാരംഭിച്ചു. ഇനിയും വ്യവസായികാടിസ്ഥാനത്തിൽ ഉൽപ്പാദനം ആരംഭിക്കാനുള്ള സ്ഥാപനങ്ങളും ഉൽപ്പാദനം ആരംഭിക്കാനുള്ള കാലതാമസത്തിന്റെ കാരണവും അനുബന്ധം രണ്ടായി ചേർത്തിരിക്കുന്നു. |

| | | |
|---|---|---|
| സി) | കോടിക്കണക്കിന് രൂപ മുതൽ മുടക്കി സ്ഥാപിച്ചിട്ടുള്ള ഉദുമ ടെക്സ്റ്റൈൽ മില്ലിൽ ഇതുവരെ ഉൽപാദനം തുടങ്ങാതിരിക്കാനുള്ള കാരണം എന്താണെന്ന് വിശദമാക്കാമോ; | സി) യും ഡി) യും<br>കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻെറ ആഭിമുഖ്യത്തിൽ ഒരു ഓപ്പൺ എൻറ് സ്പിന്നിംഗ് മില്ലായി (വേസ്റ്റിൽ നിന്നും നൂൽ ഉൽപാദിപ്പിക്കുന്ന രീതി) വിഭാവനം ചെയ്ത ഉദുമ ടെക്സ്റ്റൈൽ മിൽ, വേസ്റ്റിൻെറ അഭാവവും ഉൽപാദന യന്ത്രങ്ങൾ ലഭിക്കുന്നതിലെ കാലതാമസവും കാരണം ഉൽപാദന രീതി ഓപ്പൺ എൻറ് സ്പിന്നിംഗ് മില്ലിൽ നിന്നും റിംഗ് സ്പിന്നിലേക്ക് മാറ്റുകയുണ്ടായി.. ഉൽപാദന രീതിയിലുണ്ടായ മാറ്റത്തിനു സർക്കാർ അംഗീകാരം ലഭിക്കുകയും പദ്ധതിക്കാവശ്യമായ യന്ത്രസാമഗ്രികളും കെട്ടിടങ്ങൾ, ഇലക്ട്രിസിറ്റി, വെള്ളം തുടങ്ങിയ അടിസ്ഥാന ഘടകങ്ങൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. മില്ലിലേക്കാവശ്യമായ യന്ത്രങ്ങളിൽ രണ്ട് കോൺ വൈൻറിംഗ് മെഷീൻ ഒഴികെ എല്ലാ യന്ത്രസാമഗ്രികളും സ്ഥാപിച്ച് മിൽ പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. ജീവനക്കാരുടെ നിയമനം സംബന്ധിച്ച് ബഹു.ഹൈക്കോടതി യിൽ കേസുകൾ ഫയൽ ചെയ്തിരിക്കുന്നതിനാൽ ബഹു. കോടതി യുടെ നിർദ്ദേശമനുസരിച്ച് നിയമന നടപടികൾ നിർത്തി വച്ചിരിക്കുകയാണ്. മില്ലിലേക്കാവ ശ്യ മായ തൊഴിലാളികളുടെയും ജീവനക്കാരുടെയും അഭാവം മൂലം ഉൽപാദനം തുടങ്ങുവാൻ സാധിച്ചിട്ടില്ല. കേസുകളിൽ അന്തിമ തീരുമാനമുണ്ടാകുന്നതനുസരിച്ച് ആവശ്യമായ ജീവനക്കാരെ നിയമിക്കുകയും ഉൽപാദനം ആരംഭിക്കുന്നതുമാണ്. കൂടാതെ കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻെറ സബ്സി ഡിയറി കമ്പനിയായി റജിസ്റ്റർ ചെയുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയുമാണ്. |
| ഡി) | തടസ്സങ്ങൾ നീക്കി ഉൽപാദനം ആരംഭിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികൾ എന്തൊക്കയാണെന്ന് വിശദമാക്കാമോ? | |

സെക്ഷൻ ഓഫീസർ

അനുബന്ധം 1

| Sl. No. | Company | Projects |
|---|---|---|
| 1 | Kerala State Textile Corporation Ltd | Komalapuram Spinning and Weaving Mills, **Alappuzha** – KSTC |
| 2 | Kerala State Textile Corporation Ltd | Hi Tech Weaving Factory, **Kannur** –KSTC |
| 3 | Kerala State Textile Corporation Ltd | Uduma Textile Mill, **Kasargode** – KSTC |
| 4 | Kerala Small Industries Development Corporation Ltd | Tool room cum Training Centre, **Kozhikode** - Kerala SIDCO. |
| 5 | Kerala State Electronics Development Corporation Ltd | Tool room cum Training Centre, **Kuttippuram** – KSEDC |
| 6 | Traco Cable Company Ltd | House Wiring cable Unit, **Kannur** – TRACO |
| 7 | Steel and Industrial Forgings Ltd | Machining Unit, **Shornur** – SIFL |
| 8 | Kerala State Bamboo Corporation Ltd | Hi-Tech Bamboo Tile Factory, **Kozhikode** – KSBC |
| 9 | Kerala State Industrial Enterprises Ltd | Container Freight Station, **Ernakulam** – KSIE |
| 10 | United Electrical Industries Ltd | LCD Meter Unit - **Palakkad** |

സെക്ഷൻ ഓഫീസർ

## അനുബന്ധം 2

1. **Komalapuram Spinning and Weaving Mills, Alappuzha**

വ്യവസായികാടിസ്ഥാനത്തിൽ ഉൽപാദനം ആരംഭിക്കുന്നതിനായി KSEB-യ്ക്ക് നൽകുവാനുള്ള കുടിശ്ശികകൾ അടച്ച് വൈദ്യുതി കണക്ഷൻ പുന:സ്ഥാപിക്കുന്നതിനായി Rs.45.34 ലക്ഷം രൂപ സർക്കാർ നൽകുകയും, 400 kw വൈദ്യുതി കണക്ഷൻ പുന:സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഇവിടെ ഇനിയും പൂർണ്ണമായ തോതിൽ യന്ത്ര സാമഗ്രികൾ സജ്ജമാക്കിയിട്ടില്ല കേരള സ്പിന്നേഴ്സിൽ ഉണ്ടായിരുന്ന തൊഴിലാളികളുടെ പുനർനിയമനം സംബന്ധിച്ച കേസ് ബഹു.കേരള ഹൈക്കോടതിയുടെ പരിഗണനയിലുള്ളതിനാൽ നിയമന നടപടികൾ നിർത്തി വച്ചിരിക്കുകയാണ്. നിയമന നടപടികൾ പൂർത്തികരിക്കുവാൻ സാധിക്കാത്തതാണ് ഉൽപാദനം ആരംഭിക്കാത്തതിനുള്ള പ്രധാന കാലതാമസം. KSTCൽ നിന്ന് delink ചെയ്ത് subsidiary ആക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2. Hi Tech Weaving Factory, **Kannur** - ഉൽപ്പാദനം വ്യാവസായികാടിസ്ഥാനത്തിൽ ആരംഭിക്കുന്നതിനായി സജ്ജമായിട്ടുണ്ട്. കെട്ടിടനിർമ്മാണ നിയമം നിഷ്ക്കർഷിക്കുന്ന ലാൻറ്-ബിൽഡിങ്ങ് ആനുപാതത്തിലെ വ്യതിയാനം മൂലം പഞ്ചായത്ത് ലൈസൻസ് ലഭിക്കുന്നതിലുള്ള കാലതാമസം കാരണമാണ് പ്രവർത്തനം തുടങ്ങുവാൻ സാധിക്കാത്തത്. ജീവനക്കാരുടെ നിയമനം സംബന്ധിച്ച് ബഹു.ഹൈക്കോടതിയിൽ കേസുകൾ ഫയൽ ചെയ്തിരിക്കുന്നതിനാൽ ബഹു.കോടതിയുടെ നിർദ്ദേശമനുസരിച്ച് നിയമന നടപടികൾ നിർത്തി വച്ചിരിക്കുന്നതും ഉൽപാദനം ആരംഭിക്കുവാൻ സാധിക്കാത്തതിൻെറ മറ്റൊരു കാരണമാണ്. KSTCൽ നിന്ന് delink ചെയ്ത് subsidiary ആക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3. Uduma Textile Mill, **Kasargode** - ഈ മില്ലിൻെറ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തികരിച്ച് വ്യാവസായികാടിസ്ഥാനത്തിൽ ഉൽപ്പാദനം ആരംഭിക്കുവാൻ തയ്യാറായിക്കഴിഞ്ഞു. ജീവനക്കാരുടെ നിയമനം സംബന്ധിച്ച് ബഹു.ഹൈക്കോടതിയിൽ കേസുകൾ ഫയൽ ചെയ്തിരിക്കുന്നതിനാൽ ബഹു.കോടതിയുടെ നിർദ്ദേശമനുസരിച്ച് നിയമന നടപടികൾ നിർത്തി വച്ചിരിക്കുകയാണ്. ഇതു മൂലം ഉൽപാദനം തുടങ്ങുവാൻ സാധിച്ചിട്ടില്ല. കേസുകളിൽ അന്തിമ തീരുമാനമുണ്ടാകുന്നതനുസരിച്ച് ആവശ്യമായ ജീവനാക്കാരെ നിയമിക്കുകയും ഉൽപാദനം ആരംഭിക്കുന്നതുമാണ്.

4. LCD Meter Unit, Palakkad , United Electrical Industries - ഈ പദ്ധതി ചില സാങ്കേതിക കാരണങ്ങളാൽ നിർത്തിവച്ചിരിക്കുകയാണ്.

സെക്ഷൻ ഓഫീസർ